Deshabhimani 10-09-18, P-11

# കൃഷി ഭൂമിയിൽ ഫലപുഷ്ടി വീണ്ടെടുക്കണം

■ കുമിൾ രോഗങ്ങൾ ഉണ്ടാകാൻ സാദ്ധ്യത

■ പൊട്ടാഷ് വളങ്ങൾ ഉപയോഗിക്കണം

■ കൂടിയ അളവിൽ ചെളി കെട്ടിക്കിടക്കുന്നിടത്ത് സെന്റിന് ഒരു കിലോ കുമ്മായം അല്ലെങ്കിൽ ഡോളോമൈറ്റ് വിതറണം

**തിരുവനന്തപുരം**

പ്രളയത്തിൽ മേൽമണ്ണ് കുത്തിയൊലിച്ച് പോയതിനാൽ കൃഷിഭൂമയിൽ ഫലപുഷ്ടി നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്ന് കാർഷിക വിദഗ്ധർ. തുടർച്ചയായുള്ള മഴമൂലം വിളകളിൽ കുമിൾരോഗങ്ങൾ ഉണ്ടാകാനുള്ള സാധ്യതയും കൂടുതലാണ്. ഗുരുതരമായി രോഗംബാധിച്ച ചെടികൾ പിഴുതുമാറ്റി നശിപ്പിക്കുകയും മറ്റുള്ളവയിൽ രോഗം പടരുന്നത് തടയാനായി നീർവീഴ്ചയും വായുസഞ്ചാരവും ഉറപ്പുവരുത്തുകയും ചെയ്യണമെന്നും വിദഗ്ധർ മുന്നറിയിപ്പു നൽകി.

ഒഴിഞ്ഞുപോകാതെ വൃക്ഷത്തടങ്ങളിൽ കെട്ടിക്കിടക്കുന്ന വെള്ളം ചാലുകൾ എടുത്ത് ഒഴുക്കിക്കളയണം. കെട്ടിക്കിടക്കുന്ന ചെളി കട്ടപിടിച്ച് മണ്ണിലെ വായുസഞ്ചാരം പൂർണമായി തടസ്സപ്പെടാൻ ഇടയാക്കാതെ ഇളക്കിമാറ്റുകയോ കൊത്തിക്കിളച്ചു കൊടുക്കുകയോ വേണം. കൂടിയ അളവിൽ ചെളി കെട്ടിക്കിടക്കുന്നിടത്ത് സെന്റിന് ഒരു കിലോഗ്രാം കുമ്മായം അല്ലെങ്കിൽ ഡോളോമൈറ്റ് വിതറണം.

മിക്കവാറും കൃഷിഭൂമികളിൽനിന്ന് പൊട്ടാഷ് ഒലിച്ചുപോയിരിക്കാൻ സാധ്യതയുള്ളതിനാൽ പൊട്ടാഷ് വളങ്ങൾ ഉപയോഗിക്കണം. അടുത്ത വിളയ്ക്കുമുമ്പ് മണ്ണുപരിശോധന നടത്തണം.